REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 26-08-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **കർഷകരുടെയും, കാലിവളർത്തുകാരുടെയും, ചെറുകിട സംരംഭകരുടെയും താൽപര്യങ്ങളാണ് രാജ്യത്തിന് പരമപ്രധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **അവശ്യസാധന വില കുതിച്ചുയരുന്ന സാഹചര്യത്തിലും മാതൃകാപരമായ വിപണി ഇടപെടലിലൂടെ സംസ്ഥാനത്ത് വിലക്കറ്റം പിടിച്ചു നിർത്താനായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്ത് അമീബിക്ക് മസ്തിഷ്ക ജ്വര പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കും. ഈ മാസം 30, 31 തീയതികളിൽ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യും.**
- **മലയാള മനസ്സിൽ പൂവിളിയുടെ ഓർമകളുമായി ഇന്ന് അത്തം. തൃപ്പൂണിത്തുറ അത്തച്ചമയം രാവിലെ.**
- **കേരള ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസ്, അദാനി ട്രിവാൻഡ്രം റോയൽസിനെ തോല്പിച്ചു.**

## വാർത്തകൾ വിശദമായി

കർഷകരുടെയും, കാലിവളർത്തുകാരുടെയും, ചെറുകിട സംരംഭകരുടെയും താൽപര്യങ്ങളാണ് രാജ്യത്തിന് പരമപ്രധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. എത്ര സമ്മർദ്ദമുണ്ടായാലും ഈ വിഭാഗങ്ങൾക്ക് ദോഷകരമായ നീക്കമുണ്ടാകാൻ ഇന്ത്യ അനുവദിക്കില്ല. അഹമ്മദാബാദിൽ 5,400 കോടിയിൽപ്പരം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിട്ടശേഷം സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

സമൂഹത്തിലെ എല്ലാവരും അന്തസ്സോടെ ജീവിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഗവൺമെന്റ് പ്രതിബദ്ധമാണെന്നും, നഗരമേഖലയിലെ പാവപ്പെട്ടവരുടെ ജീവിതം സുഗമമാക്കുന്നതിന് മുന്തിയ പരിഗണന നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യം സ്വയംപര്യാപ്തതയെന്ന കേന്ദ്രബിന്ദുവിലൂന്നി വികസന പാതയിലൂടെ മുന്നേറുകയാണ്. 2047 ഓടെ ഇന്ത്യ വികസിത രാജ്യമാകുമെന്നും ഇന്ത്യൻ ഉത്പന്നങ്ങൾ വാങ്ങി ആത്മനിർഭർ ഭാരതമെന്ന കാഴ്ചപ്പാട് നേടിയെടുക്കണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. ഉത്പന്നങ്ങൾക്ക് ഗുണനിലവാരം ഉയർത്തണമെന്ന് അദ്ദേഹം നിർമ്മാതാക്കളോട് ആവശ്യപ്പെടുകയും ചെയ്തു.

ഗുജറാത്ത് സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് രാവിലെ അഹമ്മദാബാദിലെ ഹൻസാൽപ്പൂരിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ ഉത്പാദനം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. നൂറ് രാജ്യങ്ങളിലേക്ക് സുസുക്കി മോട്ടോർസിന്റെ E- വിറ്റാര വൈദ്യുത വാഹനങ്ങൾ കയറ്റി അയക്കുന്ന ചടങ്ങ് നരേന്ദ്രമോദി ഫ്ലാഗ് ഓഫ് ചെയ്യും

✪✪✪

അമേരിക്കൻ കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി രാജ്യം നിഷേധിച്ചതായി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു. ആഭ്യന്തര കർഷകരുടെ താൽപ്പര്യങ്ങൾക്കും ക്ഷേമത്തിനും മുൻഗണന നൽകിയാണ് ഗവൺമെന്റ് നടപടിയെന്ന് അദ്ദേഹം ഭോപ്പാലിൽ പറഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിന്റെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്ര മന്ത്രി.

✪✪✪

നാവികസേനയുടെ ഇടത്തരം യുദ്ധ കപ്പലുകളായ ഉദയഗിരിയും, ഹിമഗിരിയും ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ചടങ്ങിൽ അധ്യക്ഷനായിരിക്കും. ഇന്ത്യയുടെ കിഴക്കൻ തീരമേഖലയുടെ പ്രധാന്യം കണക്കിലെടുത്താണ് പുതിയ കപ്പലുകൾ കമ്മീഷൻ ചെയ്യുന്നത്.

✪✪✪

സർദാർ വല്ലഭായ് പട്ടേലിന്റെയും ഗോത്രവർഗ്ഗ നേതാവ് ബിർസ മുണ്ടയുടെയും 150-ാം ജന്മവാർഷികവും, അടൽ ബിഹാരി വാജ്പേയിയുടെ ജന്മശതാബ്ദിയും

ആഘോഷിക്കുന്നതിന് മൂന്ന് ഉന്നതതല സമിതികൾക്ക് കേന്ദ്ര ഗവൺമെന്റ് രൂപം നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് മൂന്ന് സമിതികളുടെയും അധ്യക്ഷൻ.

✪✪✪

കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് പുതിയ ഏകീകൃത പെൻഷൻ പദ്ധതിയിൽ നിന്ന് ദേശീയ പെൻഷൻ സംവിധാനത്തിലേക്ക് മാറാൻ ഒറ്റത്തവണ അവസരം നൽകി. വിരമിക്കുന്നതിന് ഒരു വർഷം മുമ്പോ അല്ലെങ്കിൽ സ്വമേധയാ വിരമിക്കുന്നതിന് മൂന്ന് മാസം മുമ്പോ ഈ സൗകര്യം പ്രയോജനപ്പെടുത്താനാകും. എന്നാൽ, പിരിച്ചുവിടൽ, നീക്കം ചെയ്യൽ, അച്ചടക്ക നടപടികൾ തുടങ്ങിയവ നേരിടുന്ന ജീവനക്കാർക്ക് ഈ ആനുകൂല്യം ലഭിക്കില്ല.

✪✪✪

സാമൂഹ്യമാധ്യമങ്ങളിൽ നിർമ്മലാ സീതാരാമന്റേത് എന്ന പേരിൽ പ്രചരിക്കുന്ന നിക്ഷേപവുമായി ബന്ധപ്പെട്ട വിഡിയോ വ്യാജവും, തെറ്റിദ്ധാരണാജനകവുമാണെന്ന് കേന്ദ്രം മുന്നറിയിപ്പു നൽകി. 21,000 രൂപ നിക്ഷേപിച്ചാൽ 12 ലക്ഷം രൂപ കിട്ടുമെന്ന തരത്തിൽ നിർമ്മലാ സീതാരാമൻ ഉറപ്പുനൽകുന്ന തരത്തിലാണ് വിഡിയോ ചിത്രീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഒരു സംരംഭവും നിലവിലില്ലെന്നും, ധനമന്ത്രി അതിനെ പിന്തുണയ്ക്കുന്നില്ലെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോ വസ്തുതാന്വേഷണ യൂണിറ്റ് വ്യക്തമാക്കി.

✪✪✪

അവശ്യസാധന വില കുതിച്ചുയരുന്ന സാഹചര്യത്തിലും മാതൃകാപരമായ വിപണി ഇടപെടലിലൂടെ കേരളത്തിലെ വിലക്കറ്റം പിടിച്ചു നിർത്താനായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സപ്ലൈകോ ഓണം ഫെയർ സംസ്ഥാനതല ചടങ്ങ് പുത്തരിക്കണ്ടം EK നായനാർ പാർക്കിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്)....

വെളിച്ചെണ്ണയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ടെന്നും, സബ്സിഡിയോടെ ശബരി വെളിച്ചെണ്ണ 349 രൂപയ്ക്കും, സബ്സിഡി ഇല്ലാതെ 429 രൂപയ്ക്കും നൽകാൻ കഴിയുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. വില ഇനിയും കുറയ്ക്കാൻ ഇടപെടൽ നടത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു. 25,000 ടൺ ഭക്ഷ്യധാന്യങ്ങൾ

സംസ്ഥാനം സംഭരിച്ചിട്ടുണ്ട്. അരിയും, ഉഴുന്നും, പഞ്ചസാരയും ആവശ്യമായത്ര ശേഖരം സംസ്ഥാനത്ത് ഉണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. സബ്സിഡി വിലയ്ക്ക് നൽകുന്ന മുളകിന്റെ അളവ് അരക്കിലോയിൽ നിന്നും ഒരു കിലോ ആക്കി ഉയർത്തി.

ഓണം ഫെയറിന്റെ ആദ്യ വിൽപ്പന മുഖ്യമന്ത്രി ചടങ്ങിൽ നിർവഹിച്ചു. ഉപഭോക്തൃകാര്യ വകുപ്പിന്റെ ഉപഭോക്തൃ കേരളം മാസികയുടെ ഓണപ്പതിപ്പും മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

സഞ്ചരിക്കുന്ന റേഷൻ കട, വൺ നേഷൻ വൺ കാർഡ് എന്നീ പരസ്യ ചിത്രങ്ങളുടെ പ്രകാശനവും, സഞ്ചരിക്കുന്ന ഓണച്ചന്തയുടെ ഫ്ളാഗ് ഓഫും മന്ത്രി G.R അനിൽ ചടങ്ങിൽ നിർവഹിച്ചു.

✪✪✪

ഓണച്ചന്തകളും ഓണ മേളകളുമായി സംസ്ഥാനത്ത് ഓണ വിപണി സജീവമാകുന്നു.

തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

.....(വോയ്സ്).........

✪✪✪

ഓണം പ്രമാണിച്ച് ഗവൺമെന്റ് ജീവനക്കാരുടെയും, അധ്യാപകരുടെയും ബോണസ് 500 രൂപ വർദ്ധിപ്പിച്ചു. ഇത്തവണ 4,500 രൂപയാണ് ബോണസ് എന്ന് മന്ത്രി KN ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു.ബോണസിന് അർഹത ഇല്ലാത്തവർക്ക് 3000 രൂപയും നൽകും. കഴിഞ്ഞ വർഷം ഇത് 2,750 രൂപയായിരുന്നു.

സർവീസ് പെൻഷൻകാരുടെ പ്രത്യേക ഉത്സവബത്ത 250 രൂപ വർദ്ധിപ്പിച്ച്, 1,250 രൂപയാക്കി. പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച പെൻഷൻകാർക്കും പ്രത്യേക ഉത്സവബത്ത ലഭിക്കും.

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ജീവനക്കാർക്കും ഓണം അഡ്വാൻസായി 20,000 രൂപ അനുവദിക്കും. പാർട്ട് ടൈം, കണ്ടിൻജന്റ് ജീവനക്കാർക്ക് ഓണം അഡ്വാൻസ് 6,000 രൂപയാണ്. കഴിഞ്ഞവർഷം ഉത്സവബത്ത ലഭിച്ച കരാർ-സ്കീം തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജീവനക്കാർക്കും 250 രൂപവീതം ബത്ത വർദ്ധിപ്പിച്ചിട്ടുണ്ട്.

✪✪✪

അമീബിക്ക് മസ്തിഷ്ക ജ്വരം കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ തദ്ദേശ സ്ഥാപനങ്ങളോട് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. ജലജന്യരോഗങ്ങൾ പ്രതിരോധിക്കാൻ "ജലമാണ് ജീവൻ' ക്യാമ്പയിന് രൂപം നൽകാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ-തദ്ദേശ-പൊതുവിദ്യാഭ്യാസ വകുപ്പുകളും, ഹരിതകേരളം മിഷനും ചേർന്നാണ് പരിപാടി നടപ്പാക്കുന്നത്.

ഇതിന്റെ ഭാഗമായി ഈ മാസം 30, 31 തീയതികളിൽ സംസ്ഥാനത്തെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യും. വീടുകളിലേയും സ്ഥാപനങ്ങളിലേയും വാട്ടർടാങ്കുകൾ വൃത്തിയാക്കുന്ന പ്രവർത്തനങ്ങളും ഹരിതകേരള മിഷൻ നടപ്പാക്കും.

✪✪✪

മലയാള മനസ്സിൽ പൂവിളിയുടെ ഓർമകളുമായി ഇന്ന് അത്തം. വീട്ടുമുറ്റങ്ങളിൽ ഇന്നു മുതൽ പൂക്കളമിട്ടു തുടങ്ങും. പത്താം നാളിലെ തിരുവോണത്തിനായി നാടും നഗരവും ഒരുക്കങ്ങൾ മുമ്പേ തുടങ്ങി. മറുനാട്ടിൽ നിന്ന് ഓണപ്പൂക്കൾ വിപണിയിൽ എത്തിക്കഴിഞ്ഞു. സംസ്ഥാനത്തെ ഓണാഘോഷങ്ങൾക്ക് നിറംപകരുന്ന തൃപ്പൂണിത്തുറ അത്തച്ചമയം ഇന്നാണ്. അത്തച്ചമയ ഘോഷയാത്ര രാവിലെ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. മന്ത്രി P രാജീവ് അത്തപതാക ഉയർത്തും- ഘോഷയാത്ര നടൻ ജയറാം ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

തൃശൂരിൽ ഓണാഘോഷങ്ങളുടെ ഭാഗമായി പുലിക്കളി മഹോത്സവത്തിന് ഇന്ന് കൊടിയുയരും.

ജില്ലാപ്രതിനിധി ഭരിതാ പ്രതാപ്.

....(വോയ്സ്)....

✪✪✪

സംസ്ഥാനത്തെ കൺസ്യൂമർഫെഡ് ഓണച്ചന്തകൾ വൈകിട്ട് തിരുവനന്തപുരം സ്റ്റാച്യൂവിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഇന്നു മുതൽ സെപ്റ്റംബർ നാലു വരെ ജില്ലാതലത്തിൽ 16 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും, 154 സഹകരണ സംഘങ്ങളിലുമായി കൺസ്യൂമർ ഫെഡ് 170 കേന്ദ്രങ്ങളിലാണ് ഓണച്ചന്തകൾ ആരംഭിക്കുന്നത്. അരി, പഞ്ചസാര, ഉഴുന്ന്,

പയർവർഗ്ഗങ്ങൾ, കടല, വെളിച്ചെണ്ണ എന്നിവയടക്കം 13 നിത്യോപയോഗ സാധനങ്ങൾ വിലക്കിഴിവിൽ ഓണച്ചന്തകളിൽ ലഭ്യമാക്കും.

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ തിരുവനന്തപുരത്ത് ആലപ്പി റിപ്പിൾസ്, അദാനി ട്രിവാൻഡ്രം റോയൽസിനെ മൂന്ന് വിക്കറ്റിന് തോല്പിച്ചു. ഈ സീസണിൽ ആലപ്പിയുടെ ആദ്യ വിജയമാണിത്.

ഇന്ന് ഉച്ചയ്ക്ക് രണ്ടരയ്ക്ക് ആദ്യ മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സും, തൃശൂർ ടൈറ്റൻസും ഏറ്റുമുട്ടും. വൈകിട്ട് 6.45 ന് രണ്ടാം മത്സരത്തിൽ ആലപ്പി റിപ്പിൾസ്,കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ നേരിടും.

✪✪✪

സംസ്ഥാനത്ത് ഇന്ന് മുതൽ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 28 വരെ മീൻ പിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

കൊച്ചിയിലെ സതേൺ നേവൽ കമാൻഡിൽ നാളെയും മറ്റന്നാളും നാവികസേന 'ഇന്ത്യൻ ഓഷ്യൻ നേവൽ സിമ്പോസിയത്തിന്റെ ഭാഗമായി 'എമർജിംഗ് ലീഡേഴ്സ് പാനൽ ചർച്ച' നടത്തും. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സമുദ്ര സുരക്ഷയെയും പ്രാദേശിക സഹകരണത്തെയും സംബന്ധിച്ച ചർച്ചകൾ രണ്ട് ദിവസത്തെ പരിപാടിയിൽ ഉണ്ടായിരിക്കുമെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO : ഷീബ*